# പതിമൂന്നാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216 — 19/03/2015 ൽ മറുപടിക്ക്

## ദേശീയ ആരോഗ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു<br>,, എം.എ.ബേബി<br>,, പി.ജയരാജൻ<br>,, സി. രവീന്ദ്രനാഥ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ആരോഗ്യനയത്തിന്റെ കരട് സർക്കാർ പരിശോധിച്ചി ട്ടുണ്ടോ; സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചോ; | (എ) | കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ദേശീയ ആരോഗ്യ നയത്തിന്റെ കരട് രേഖ പുറത്തിറക്കുകയും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി പൊതുജനസമക്ഷം വയ്ക്കുകയുണ്ടായി. തുടർന്ന് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ കേരള, സെക്രട്ടറി ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയറിന്റെ അദ്ധ്യക്ഷതയിൽ 30/01/2015 ൽ സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ആരോഗ്യ വകുപ്പിലെയും, മെഡിക്കൽ കോളേജ് വകുപ്പിലേയും, ആയുഷ് വകുപ്പിലെയും, എൻ.എച്ച്.എം. ലെയും ഉന്നത ഉദ്യോഗസ്ഥർ പ്രസ്തുത വർക്ക്ഷോപ്പിൽ പങ്കെടുത്തു. വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങളെ ക്രോഡീകരിക്കുകയും ദേശീയ ആരോഗ്യ നയത്തെക്കുറിച്ചുള്ള സംസ്ഥാനത്തിന്റെ നിലപാട് റിപ്പോർട്ടായി സമർപ്പിക്കുകയും ചെയ്തു.<br>കേന്ദ്ര ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ, യൂണിസെഫ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ഫെബ്രുവരി 24-ാം തീയതി ചെന്നൈയിൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ദേശീയ ആരോഗ്യനയത്തെപ്പറ്റിയുള്ള മീറ്റിംങ്ങിൽ വച്ച് കേരളത്തിന്റെ നിലപാടുകൾ ശക്തമായി അവതരിപ്പിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രാഥമിക ആരോഗ്യ മേഖല യിലൊഴികെ മറ്റു മേഖലകളിൽ സർക്കാർ അധീനതയിലുള്ള സ്ഥാപ നങ്ങൾ വേണ്ടതില്ലെന്ന നിലപാട് പൊതുജനാരോഗ്യ രംഗത്തെ എങ്ങനെ ബാധിക്കുമെന്ന് | (ബി) | പൊതുജന ആരോഗ്യ രംഗത്ത് മികച്ച് നേട്ടം കൈവരിക്കാൻ കേരളത്തിന് സാധ്യമായത് പൊതുമേഖലയിൽ കെട്ടുറപ്പുള്ള പൊതുജനാരോഗ്യ സംവിധാനം കേരളത്തിൽ നിലവിൽ ഉള്ളതുകൊണ്ടാണ്. സംസ്ഥാനത്തെ സാധാരണക്കാരായ രോഗികൾക്ക് പ്രധാന ആശ്രയമായി നിൽക്കുന്നതും സർക്കാർ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളാണ്. പ്രാഥമിക ആരോഗ്യ രംഗത്ത് മാത്രമല്ല, ദ്വതീയ തലത്തിലും (Secondary), ത്രീതിയ തലത്തിലും |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; | | (Tertiary) ചികിത്സാ സൗകര്യങ്ങൾ സർക്കാർ ലഭ്യമാക്കുന്നുണ്ട്.<br>കരട് ദേശീയ ആരോഗ്യ നയത്തിൽ ദ്വതീയതല (Secondary), തൃതീയതല (Tertiary) പരിചരണത്തിന് വേണ്ടി പൊതുമേഖലയൊടൊപ്പം സ്വകാര്യ മേഖലയിൽ നിന്നും "സ്റ്റാറ്റജിക്ക് പർച്ചേസ്" (strategic purchase) മുഖേന രോഗികൾക്ക് സേവനം നൽകണമെന്ന് പറയുന്നുണ്ട്. ഇത്തരം പരിഷ്കരണങ്ങൾ സംസ്ഥാനത്തെ ആരോഗ്യ മേഖലയെ എങ്ങനെയാണ് ബാധിക്കുക എന്നതിനെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. |
| (സി) | സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കാനും പൊതുജനങ്ങൾ ഇൻഷുറൻസ് പദ്ധതികൾ വഴി സേവനം വാങ്ങണമെന്നുമുള്ള നയത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് വ്യക്തമാക്കുമോ; | (സി) | സ്വകാര്യ മേഖലയിൽ നിന്നും ആരോഗ്യ ഇൻഷുറൻസ് സമ്പ്രദായത്തിലൂന്നിയ സ്റ്റാറ്റജിക്ക് പർച്ചേസ് വഴി സ്വകാര്യ മേഖലയ്ക്ക് പ്രോത്സാഹനജനകമായ നിർദ്ദേശങ്ങൾ കരട് ദേശീയ ആരോഗ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പൊതുമേഖലയിലും "സ്റ്റാറ്റജിക്ക് പർച്ചേസ്" (strategic purchase) വഴി സേവനം നൽകുന്നതിനും മുൻഗണന നൽകുന്നതിനും പ്രസ്തുതരേഖയിൽ പറയുന്നുണ്ട്. ഇത്തരം പരിഷ്കരണ നയത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. |
| (ഡി) | കരട് കേന്ദ്രനയത്തിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് സംസ്ഥാനം നിർദ്ദേശിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ